# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ജനുവരി 23, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**വയനാട് പാക്കേജിന് ലഭിച്ച തുക**

*1 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജൂലൈ 30-ന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിക്കുന്ന തുക വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) വയനാട് പാക്കേജിനായി ഇതുവരെ ലഭിച്ച തുകയുടെ വിശദാംശം നൽകുമോ;

(സി) ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വയനാട് പാക്കേജിനായി സന്നദ്ധസംഘടനകളിൽ നിന്നും വ്യക്തികളിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**എക്സൈസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

*2 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എക്സൈസ് വിഭാഗം പിടിച്ചെടുത്ത മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വിശദാംശം നൽകാമോ;

(സി) പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കൾ നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കാലയളവിൽ എക്സൈസ് വിഭാഗം ഇതുസംബന്ധിച്ച് എത്ര കേസുകളെടുത്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ?

## <u>പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം</u>

*3 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ ലഭിച്ചതെന്നും പ്രസ്തുത പുരസ്കാരങ്ങൾ ഏതെല്ലാമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പുരസ്കാരങ്ങൾക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കൂടുതൽ പോലീസ് സ്റ്റേഷനുകളെ പ്രസ്തുത മന്ത്രാലയത്തിന്റെ അംഗീകാരത്തിന് പ്രാപ്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വാഹനാപകടങ്ങൾ തടയാൻ നടപടി</u>

*4 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ കാര്യകാരണങ്ങളെക്കുറിച്ച് മുഖ്യമന്ത്രിതലത്തിൽ അവലോകനം നടത്തി പ്രശ്നപരിഹാരത്തിന് സമഗ്രമായ ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാഹനാപകടങ്ങൾ തടയാൻ ദേശീയപാത, ഗതാഗത, പൊതുമരാമത്ത് അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നതിനെതിരെ ജാഗ്രത പാലിക്കുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) സ്വകാര്യബസുകൾ, ലോറികൾ എന്നിവയുടെ അമിത വേഗത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>

*5 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മുൻഗണനാ പദ്ധതികളിൽ 'അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി' ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സർവേയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സർവേയിൽ അതിദരിദ്രരായി കണ്ടെത്തിയവരിൽ എത്ര ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്നും മുക്തമാക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏതെല്ലാം വകുപ്പുകൾ നടത്തിവരുന്നുണ്ടെന്നും ഓരോ വകുപ്പും എന്തെല്ലാം ചുമതലകളാണ് നിർവഹിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) സ്വന്തമായി ഭൂമിയില്ലാത്ത അതിദരിദ്രർക്ക് വാസസ്ഥലം നൽകുന്നതിന് ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; ലൈഫ് മിഷന്റെ 'മനസ്സോടിത്തിരി മണ്ണ്' പദ്ധതി പ്രകാരം ഇവർക്ക് ഭൂമി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ട്</u>

*6 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം തലസ്ഥാനജില്ല എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി തിരുവനന്തപുരത്ത് നടത്തിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) തലസ്ഥാന വികസനത്തിന് ഏറെ ഗുണകരമാകുന്ന തിരുവനന്തപുരം മെട്രോ റെയിൽ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ;

(സി) തിരുവനന്തപുരം മെട്രോയുടെ പ്രതീക്ഷിത നിർമ്മാണച്ചെലവ് എത്രയെന്നും പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം മെട്രോയുടെ ആരംഭം, അവസാനം, റൂട്ട്, സ്റ്റോപ്പുകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>നിയമവിധേയമല്ലാതെയുള്ള അവയവദാനം തടയാൻ നടപടി</u>

*7 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന അവയവദാനം നീതിപൂർവ്വമാണെന്നു ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിയമവിധേയമല്ലാതെ നടന്നതായി പറയപ്പെടുന്ന അവയവദാനം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) രാജ്യാന്തര ബന്ധങ്ങളുള്ള അവയവറാക്കറ്റിന്റെ കണ്ണികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സൂചന ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നിയമവിധേയമായും സുതാര്യമായും അവയവദാനം സാധ്യമാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>ആശുപത്രി മാലിന്യ സംസ്കരണം</u>

*8 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അവ സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ചില കമ്പനികൾ ആശുപത്രികളുമായി കരാറുണ്ടാക്കി മാലിന്യങ്ങൾ ശേഖരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അയൽസംസ്ഥാനങ്ങളിലെ ഒഴിഞ്ഞ പ്രദേശങ്ങളിൽ ആശുപത്രിമാലിന്യങ്ങൾ തള്ളുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ

ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>കുട്ടികളിലെ അമിത മൊബൈൽ ഫോൺ ഉപയോഗം തടയാൻ നടപടി</u>**

*9 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോണിന്റെ അമിതോപയോഗം ശാരീരികവും സാമൂഹികവും മാനസികവും സാമ്പത്തികവുമായ വശങ്ങളിൽ കുട്ടികളിൽ വിനാശകരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മണിക്കൂറുകൾ നീളുന്ന ക്ലാസ്, ഓൺലൈൻ ട്യൂഷൻ ഇങ്ങനെ കോവിഡ് കാലത്ത് തുടങ്ങിയ ശീലങ്ങളിൽ പലതും കുട്ടികൾ ഇപ്പോഴും പിന്തുടരുന്നതു മൂലവും ഓൺലൈൻ ഗെയിമുകളുടെയും സാമൂഹ്യ മാധ്യമങ്ങളുടെയും വർദ്ധിച്ചുവരുന്ന സ്വാധീനം മൂലവും കുട്ടികളിൽ പലരും മൊബൈൽ ഫോണിനോടുള്ള അമിതാസക്തിയ്ക്ക് ഇരയാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കുട്ടികളും കൗമാരക്കാരും ആരോഗ്യകരമായ ഫോൺ ശീലങ്ങൾ മാതൃകയാക്കുന്നതിന് വേണ്ടിയും ആസക്തിയുടെ ഗുരുതരമായ കേസുകളിൽ ഇവർക്ക് മാനസികാരോഗ്യ പ്രൊഫഷണലുകളുടെ സഹായം ലഭ്യമാക്കുന്നതിന് വേണ്ടിയുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) മൊബൈൽ ഫോണിനോടുള്ള അമിതാസക്തി ഉൾപ്പെടെയുള്ള കൗമാര ആരോഗ്യപ്രശ്നങ്ങൾക്ക് 'കേരള ഹെൽത്ത് സിസ്റ്റംസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം' എന്ന ബൃഹത്തായ കർമ്മപദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>ജൈവവൈവിധ്യ പരിപാലനം</u>**

*10 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജൈവവൈവിധ്യ പരിപാലനം പ്രധാനമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലക്ഷ്യം സാധ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ജൈവവൈവിധ്യ പരിപാലന രജിസ്റ്റർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പുതുക്കിയ രജിസ്റ്റർ പ്രകാരമുള്ള കർമ്മ പദ്ധതി മുഴുവൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജൈവവൈവിധ്യ പാർക്കുകൾ സജ്ജീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ഇടപെടൽ നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ?

**<u>ടി. പി. വധക്കേസ് പ്രതിക്ക് പരോൾ അനുവദിച്ച നടപടി</u>**

*11 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനിക്ക് ഒരു മാസത്തെ പരോൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പൊലീസ് റിപ്പോർട്ട് എതിരായിട്ടും പരോൾ അനുവദിക്കാനുള്ള കാരണം അറിയിക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് നൽകുന്ന ഇത്തരത്തിലുള്ള പരിരക്ഷ സമൂഹത്തിൽ തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

**<u>ദളിത് പെൺകുട്ടിയെ ലൈംഗികചൂഷണം ചെയ്ത കേസിൽ നടപടി</u>**

*12 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ കായികതാരമായ ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ ലൈംഗികമായി ചൂഷണംചെയ്ത കേസിൽ പ്രതികളായവരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രതികൾക്കെതിരെ എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) സ്ത്രീസുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>സ്കൂൾ കലോത്സവത്തിൽ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ</u>**

*13 **ശ്രീമതി ദെലീമ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം നൗഷാദ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് സുരക്ഷയും കരുതലും ഒരുക്കുന്നതിൽ പോലീസ് സേന നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കലാമേളയുടെ ഭാഗമായി പോലീസ് സേനയെ അണിനിരത്തുന്നതിനും ക്രമീകരിക്കുന്നതിനും എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) മേളയുടെ വിജയത്തിനായി പോലീസ് സേനാംഗങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിലും അനൗദ്യോഗിക സേവന പ്രവർത്തനങ്ങളിലും സ്തുത്യർഹവും അഭിനന്ദനാർഹവുമായി പ്രവത്തിക്കുന്ന പോലീസ് സേനയെ പ്രസ്തുത മേളയിൽ ആദരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>റേഷൻ വിതരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി</u>

*14 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻസാധനങ്ങളുടെ വാതിൽപ്പടി വിതരണം നടക്കാത്തതിനാൽ റേഷൻ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാതിൽപ്പടി വിതരണത്തിലെ തടസ്സം കാരണം, അനുവദിക്കപ്പെട്ട അളവിൽ റേഷൻകടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) റേഷൻസാധനങ്ങൾ മുടക്കംകൂടാതെയും ആക്ഷേപങ്ങൾ കൂടാതെയും വിതരണം ചെയ്യുന്നതിന് സ്ഥിരംസംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

## <u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>

*15 **ശ്രീ എം നൗഷാദ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായുള്ള സർവേയിൽ വരുമാനം ക്ലേശഘടകമായി കണ്ടെത്തിയ എത്ര കുടുംബങ്ങളുണ്ടെന്നും അവർക്ക് വരുമാനം ഉറപ്പാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) അതിദാരിദ്ര്യ കുടുംബങ്ങൾക്കായുള്ള ഉപജീവന പദ്ധതിയുടെ ചുമതലകൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിൽ അതിദാരിദ്ര്യ ഗുണഭോക്താക്കൾക്ക് മുൻഗണനയും ഗുണഭോക്തൃവിഹിതം ആവശ്യമുള്ള പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിനും ആവശ്യമെങ്കിൽ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അതിദാരിദ്ര്യ മുക്തമാകുന്ന ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ പ്രത്യേകം പ്രത്യേകമായി പ്രഖ്യാപനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനകം എവിടെയെങ്കിലും പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>മാലിന്യസംസ്കരണ രംഗത്തെ ആധുനിക പദ്ധതികൾ</u>

*16 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ദെലീമ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണരംഗം നേരിടുന്ന പുതിയ വെല്ലുവിളികൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ;

(ബി) ഈ രംഗത്ത് നടപ്പിലാക്കിവരുന്ന ആധുനിക പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) മാലിന്യമുക്ത നക്ഷത്ര പദവിയ്ക്ക് (ജി.എഫ്.സി.) അപേക്ഷിക്കുന്നതിനുള്ള അർഹതാമാനദണ്ഡം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നേടിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദവിയിൽ എത്തിച്ചേരുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനം വിശദമാക്കുമോ?

## <u>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി കരാറിലെ ഫ്രീഹോൾഡ് വ്യവസ്ഥ</u>

*17 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ ഭൂമിയുടെ ഫ്രീഹോൾഡ് സംബന്ധിച്ച തർക്കത്തിന്റെകൂടി അടിസ്ഥാനത്തിലാണോ ടീകോം കരാറിൽ നിന്നും പിന്മാറാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 2007-ലെ കരാറിലെ ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥയിൽ 2011-ൽ തന്നെ തീർപ്പുകല്പിച്ചു എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) സെസ്സ് മേഖലയിൽ ഫ്രീഹോൾഡ് അനുവദിക്കാൻ സാധിക്കില്ലെന്ന വാദം അംഗീകരിച്ചുകൊണ്ട് ടീകോം ഈ ആവശ്യത്തിൽനിന്നും പിന്മാറുകയും മുഴുവൻ

ഭൂമിയും ടീകോം ആവശ്യപ്പെട്ടപ്രകാരം സർക്കാർ സെസ്സ് പദവി നൽകുകയും ചെയ്തിരുന്നോയെന്നും വിശദമാക്കുമോ?

## മുണ്ടക്കൈ, ചൂരൽമല നിവാസികളുടെ പുനരധിവാസം

*18 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കൈ, ചൂരൽമല നിവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) പുനരധിവാസ പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോയെന്നും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം അറിയിക്കുമോ;

(സി) പുനരധിവാസത്തിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വീടുകളെല്ലാം ഒരേ പ്ലാനിലാണോ എന്നും ഒരു വീടിന് എത്ര രൂപയാണ് നിർമ്മാണ ചെലവ് കണക്കാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പുനരധിവാസത്തിനായി ഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ; പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഭൂമിയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ നടത്താൻ കഴിയും; സന്നദ്ധ സംഘടനകൾ എത്ര വീട് പണിതു നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

*19 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ – എക്സൈസ് – പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തുടക്കം കുറിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യസംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തിയതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) തീവ്രദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അപ്രകാരം നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>റേഷൻകാർഡ് ഉടമകളുടെ മസ്റ്ററിംഗ് പൂർത്തിയാക്കാൻ നടപടി</u>**

*20 **ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളുടെ മസ്റ്ററിംഗ് എത്ര ശതമാനം പൂർത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ ധാന്യങ്ങൾ പൊതുവിതരണം ചെയ്യുന്നതിന് പകരം അവയുടെ പണം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുന്ന പദ്ധതി (ഡി.ബി.ടി.)-യോടുള്ള സംസ്ഥാനസർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പൊതുവിതരണ ശൃംഖലയ്ക്ക് മാറ്റം വരുത്തുന്ന ഈ പദ്ധതിയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടെ റേഷൻ മസ്റ്ററിംഗ് നടത്താൻ സാധിക്കാതെ വരുന്ന മുൻഗണന-മുൻഗണനേതര വിഭാഗങ്ങൾക്കും ഭക്ഷ്യധാന്യങ്ങളുടെ ആനുകൂല്യം ലഭിക്കാതെ വരുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇത് റേഷൻ വിതരണക്കാരെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന കാര്യം പ്രത്യേകമായി അറിയിക്കുമോ?

**<u>സ്കിൻ ബാങ്ക് സംവിധാനം</u>**

*21 **ശ്രീ. കെ. ബാബു (നെന്മാറ)**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിലും പൊള്ളലേറ്റും കേടുപാടുകൾ സംഭവിക്കുന്ന ത്വക്കിനുപകരം ത്വക്ക് മാറ്റിവയ്ക്കുന്ന അതിനൂതനമായ ശസ്ത്രക്രിയാസംവിധാനം സംസ്ഥാനത്താരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അവയവദാന പ്രക്രിയയിലൂടെ ത്വക്ക് ലഭ്യമാക്കുന്നതിനായി കെ-സോട്ടോയുടെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) സ്കിൻ ബാങ്ക് ആരംഭിക്കുന്നതിന് എന്തെല്ലാം അനുമതികളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് എവിടെയാണ് സ്കിൻ ബാങ്ക് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്; എങ്കിൽ അതിനായി സ്റ്റാൻഡേർഡ് ഗൈഡ് ലൈൻ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ആരോഗ്യമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കൂടുതൽ ശക്തിപകരാൻ സ്കിൻ ബാങ്ക് സംവിധാനത്തിനും അതിനൂതന സ്കിൻ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

**ഇനി ഞാനൊഴുകട്ടെ**

*22 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ കാമ്പെയ്ൻ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) പ്രസ്തുത കാമ്പെയ്ന്റെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കാമ്പെയ്ന്റെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**പെരിയ ഇരട്ട കൊലപാതക കേസ്**

*23 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ട കൊലപാതക കേസിലെ പ്രതികളെ ജയിലിൽ സ്വീകരിക്കാൻ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയംഗവും ഖാദി ബോർഡ് വൈസ് ചെയർമാനും ജയിൽ അഡൈ്വസറി കമ്മിറ്റിയംഗവുമായ വ്യക്തിയടക്കം പോയതായി പറയപ്പെടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ രണ്ട് യുവാക്കളെ കൊലപ്പെടുത്തിയ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് രാഷ്ട്രീയ പിന്തുണ നൽകുന്നത് സമൂഹത്തിൽ തെറ്റായ സന്ദേശം നൽകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) രാഷ്ട്രീയ കൊലപാതകങ്ങൾക്ക് അറുതി വരുത്താനും നീതിയുക്തമായ അന്വേഷണം നടത്താനും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

*24 **ശ്രീമതി ഉമ തോമസ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**

**രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ കായിക താരമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ അഞ്ച് വർഷത്തോളം ക്രൂരപീഡനത്തിന് ഇരയാക്കിയ സംഭവം പോലീസ് അടക്കമുള്ള സംവിധാനങ്ങളുടെ പോരായ്മയാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും തങ്ങൾ നേരിടുന്ന ദുരനുഭവങ്ങൾക്കെതിരെ പ്രതികരിക്കാനും കുറ്റവാളികൾക്കെതിരെ ഭയം കൂടാതെ പോലീസിൽ പരാതി നൽകാനുമായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഇരകൾക്ക് ഭയം കൂടാതെ പരാതി നൽകാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി, വിദ്യാഭ്യാസ വകുപ്പ് അടക്കമുള്ളവയെ ഏകോപിപ്പിച്ച് കാര്യക്ഷമമായ സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി

*25 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ശക്തിപ്പെടുത്തുന്നതിനെന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾവഴി കൂടുതൽ ജനസേവന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## റേഷൻവ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

*26 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻവ്യാപാരികളുടെ വേതന പാക്കേജുകളായ കമ്മീഷൻ, ഇൻസെന്റീവ് എന്നിവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ;

(ബി) എൻ.എഫ്.എസ്സ്.എ. ഗോഡൗൺ, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ ലഭിക്കുന്നതുപോലെ റേഷൻവ്യാപാരികൾക്കും ലീക്കേജ്, ഷോർട്ടേജ് എന്നിവ നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(സി) റേഷൻ വ്യാപാരികളുടെ ക്ഷേമനിധി കാര്യക്ഷമമായി പുനരുദ്ധരിക്കാൻ സർക്കാർസഹായവും മുടക്കുമുതലിന് പലിശരഹിതവായ്പയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) റേഷൻവ്യാപാരികളുടെ വേതനം അതാത് മാസം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്ന കരാറുകാർക്കുള്ള കുടിശിക 100 കോടി രൂപ കവിഞ്ഞതിനെത്തുടർന്ന് സാധനങ്ങൾ എത്താത്തതുമൂലം കടകൾ കാലിയാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

## <u>പത്തനംതിട്ട പീഡനക്കേസ്</u>

*27 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് അറുപത്തിനാലോളം പേർ അഞ്ച് വർഷം തന്നെ ശാരീരികമായി പീഡനത്തിന് വിധേയമാക്കിയെന്ന പെൺകുട്ടിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പോലീസ് എത്ര പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്; ഇതിൽ എത്ര പേർ പ്രായപൂർത്തിയാകാത്തവരുണ്ടെന്ന് അറിയിക്കാമോ;

(ബി) പെൺകുട്ടിക്ക് പ്രായപൂർത്തിയാകുന്നതിന് മുമ്പ് പീഡനത്തിന് വിധേയരാക്കിയവർ എത്ര പേരാണ്;

(സി) പെൺകുട്ടിക്ക് നീതി ഉറപ്പാക്കാൻ കഴിയത്തക്കവിധം പഴുതടച്ചുള്ള അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദേശം നൽകിയിട്ടുണ്ടോ?

## <u>അവയവദാനം സംബന്ധിച്ച അവബോധം</u>

*28 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനം സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അവയവദാന മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും ആവശ്യമായ പ്രത്യേക പരിശീലനം നൽകാറുണ്ടോയെന്ന് അറിയിക്കുമോ;

(സി) മസ്തിഷ്കമരണം സർട്ടിഫൈ ചെയ്യുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ?

## <u>വേസ്റ്റ് ടു എനർജി പ്ലാന്റ്</u>

*29 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരംതിരിക്കാൻ കഴിയാത്ത മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുനരുപയോഗം സാധ്യമല്ലാത്ത അജൈവ മാലിന്യത്തെ റെഫ്യൂസ്-ഡിറൈവ്ഡ് ഫ്യുവൽ (ആർ.ഡി.എഫ്.) ആക്കി മാറ്റുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിൽ എന്ത് പുരോഗതി നേടിയിട്ടുണ്ടെന്നും അത്തരം പ്ലാന്റുകൾ എവിടെയൊക്കെ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത പ്ലാന്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം ഉപയോഗപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

## <u>മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങളുടെ വ്യാപനം തടയാൻ നടപടി</u>

*30 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ വ്യാപകമാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) വിവിധ പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മഞ്ഞപ്പിത്തം വ്യാപിക്കുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) ആരോഗ്യ രംഗത്ത് ഉണ്ടായിരിക്കുന്ന ഗുരുതരമായ വീഴ്ചയാണ് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പടരാനുള്ള കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ജനവരി 17, വെള്ളി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].